©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 നവംബർ 24
24th November 2025
1201 വൃശ്ചികം 8
8th Vrischikam 1201
1947 അഗ്രഹായനം 3
3rd Agrahayana 1947

നമ്പർ
No.
4104

കേരള സർക്കാർ

സംഗ്രഹം

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്—M/s. കേരള ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, എച്ച്. 232 (HANTEX) നിർമ്മിത തുണിത്തരങ്ങൾ ക്വട്ടേഷൻ / ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന്—സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച്— ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്

സ. ഉ. (സാധാ.) നമ്പർ 85/2025/PPAD. *തിരുവനന്തപുരം, 2025 സെപ്റ്റംബർ 15.*

പരാമർശം:—1. 19-8-2024-ലെ സ.ഉ. (സാധാ.) നമ്പർ 90/2024/SPD.
2. 25-6-2025-ലെ ഹാന്റക്സ് മാനേജിംഗ് ഡയറക്ടറുടെ M3/680/HO. HANTEX/2023-24 നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

M/s. കേരള സ്റ്റേറ്റ് ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ (HANTEX) നിന്നും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായി വരുന്ന തുണിത്തരങ്ങൾ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ ഖണ്ഡിക 9.23-ൽ ഒരു വർഷത്തേക്ക് ഇളവ് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഹാന്റക്സിനു ടെൻഡർ ഇളവ് നൽകിയിരിക്കുന്ന ഉത്തരവിന്റെ കാലാവധി 18-8-2025-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ കാലാവധി 2 വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ഹാന്റക്സ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹാന്റക്സിന്റെ ഗുണനിലവാര സർട്ടിഫിക്കേഷനുള്ള തനത് തുണിത്തരങ്ങൾ പൊതുവിപണിയിലെ നിരക്കിനേക്കാൾ അധികരിക്കാതെ, വിവിധ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഹാന്റക്സിന്റെ ഗുണനിലവാര സർട്ടിഫിക്കേഷനുള്ള തനതു തുണിത്തരങ്ങൾ, കോസ്റ്റ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ വിലവിവര പട്ടിക, വ്യവസായ വാണിജ്യ വകുപ്പിന്റെ ഗുണനിലവാര സർട്ടിഫിക്കേഷൻ, മാർക്കറ്റ് വില സംബന്ധിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിലനിർണ്ണയം നടത്തിയശേഷം മാത്രമേ ഇനി പ്രസ്തുത ഇളവിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രജികുമാർ ആർ.,
ജോയിന്റ് സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.24 02:42:54 +05:30